"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - വനം വന്യജീവി വകുപ്പിന്റെ 2024 വർഷത്തെ ഫോറസ്റ്റ് ഗൈഡ് അച്ചടിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.34/2024/F&WLD തീയതി,തിരുവനന്തപുരം, 22-01-2024

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി)ന്റെ 22.12.2023 തീയതിയിലെ എഫ്.ഐ.ബി(1) 1260/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിലെ വിവിധ തലങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ദൈനംദിന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രയോഗപ്പെടുന്ന ഉള്ളടക്കങ്ങളടങ്ങിയ ഫോറസ്റ്റ് ഗൈഡ് 2024 ന്റെ 2500 കോപ്പികൾ പ്രിന്റ് ചെയ്യുന്നതിന് പരാമർശ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി) അനുമതി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 17x23.5 സെ.മീ. സൈസിൽ 320 ഉൾപ്പേജുകളുള്ള ഫോറസ്റ്റ് ഗൈഡ് 2024 ന്റെ 2500 കോപ്പികൾ നടപ്പ് വർഷം വനം വകുപ്പിന് ലഭ്യമായ വിഹിതത്തിനുള്ളിൽ ചെലവ് കണ്ടെത്തിയശേഷം തിരുവനന്തപുരത്തെ ഗവൺമെന്റ് പ്രസ്സിൽ പ്രിൻ ചെയ്യേണ്ടതാണെന്നും 2406-01-101-78 E, CF &AF -01 Extension Forestry (P) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കണമെന്നും പ്രസ്തുത ആവശ്യത്തിനായി അധിക ധനാനുമതി അനുവദിക്കില്ലായെന്ന വ്യവസ്ഥയിന്മേൽ, "ഫോറെസ്റ്റ് ഗൈഡ് 2024" അച്ചടിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
T Lekha
Date: 22-01-2024 10:46:58

സെക്ഷൻ ഓഫീസർ